ന്നതിനെപ്പറ്റി ഉടൻ തീരുമാനം എടുക്കുന്നത് ഉചിതമല്ല. ഇതിനെക്കുറിച്ച് സൂക്ഷ്മമായ ഒരു പഠനം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവല്ലയിലെ ശുദ്ധീകരണശാലയിൽനിന്നും ചങ്ങനാശ്ശേരിയിലേയ്ക്കും നാല് പഞ്ചായത്തുകളിലേക്കും ശുദ്ധജല വിതരണം നടത്തുന്നതിന് വോൾട്ടേജ് ബൂസ്റ്റർ ഉണ്ടെങ്കിൽപ്പോലും വെള്ളം പമ്പ് ചെയ്യാൻ വൈകുന്നേരം ആറ് മണി മുതൽ 11 മണിവരെയുള്ള സമയങ്ങളിൽ നിയന്ത്രണമുള്ളതിനാൽ ആവശ്യമായ ശുദ്ധജലം വിതരണം ചെയ്യുന്നതിൽ കുറവ് ഉണ്ടായിട്ടുണ്ട്. തൻമൂലം പല ഭാഗങ്ങളിലും ജലത്തിന്റെ ലഭ്യത കുറവാണ്. ഇപ്പോൾ നീരേറ്റുപുറം വഴിയാണ് കിടങ്ങറ ജലസംഭരണിയിലേയ്ക്ക് ജലം എത്തിക്കുന്നത്. ഈ ജലസംഭരണിയിലേയ്ക്ക് ചങ്ങനാശ്ശേരിയിൽ നിന്നും ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനിന്റെ ശേഷിക്കുന്ന പണികൾതീർത്ത് അവിടെ ജലം എത്തിക്കുന്നജോലി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകിയിട്ടുണ്ട്.

(13) കൂത്തുപറമ്പ് മണ്ഡലത്തിലെ ശുദ്ധജല വിതരണം

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : സർ, കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിനും കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുന്നതിനും വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പിണറായി പഞ്ചായത്തിലെ എരുവെട്ടി പദ്ധതി നിരവധി വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്താണ് പദ്ധതി ടെൻഡർ ചെയ്തത്. ടാങ്കിന്റെ നിർമ്മാണം പൂർത്തിയായില്ല എന്നു പറഞ്ഞു. ഈ വർഷം കമ്മീഷൻ ചെയ്യാമെന്ന് ഉദ്ദേശിച്ചിരുന്ന ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമോ എന്ന് സംശയത്തിലാണ്. ഈ പദ്ധതി ഈ വേനൽക്കാലത്ത് തന്നെ കമ്മീഷൻ ചെയ്തുകൊണ്ട് ജനങ്ങൾക്ക് ഉപകാരപ്രദമാക്കണം എന്നാണ് അപേക്ഷിക്കാനുള്ളത്. അതുപോലെതന്നെ മാങ്ങാട്ടിടം പദ്ധതിയുടെ മൂന്ന് സോണുകൾ ചെറിയ ചില പണികൾകൂടി പൂർത്തിയായാൽ കമ്മീഷൻ ചെയ്യാനും ശുദ്ധജലം വിതരണം നടത്താനും കഴിയും. ആ പദ്ധതി കമ്മീഷൻ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ മലയോരപ്രദേശമായ കണിച്ചാർ പഞ്ചായത്തിലെ കുരിശുമല പദ്ധതിയുടെ പൈപ്പിന്റെയും ടാങ്കിന്റെയും പണിയും തീർന്നിട്ടുണ്ട്. ജില്ലാപഞ്ചായത്തിന്റെ സഹായത്തോടുകൂടിയാണ് പണി ചെയ്യുന്നത്. വാട്ടർ അതോറിറ്റി വിചാരിച്ചാൽ എത്രയുംപെട്ടെന്ന് അതിന് മോട്ടോർ കൊടുക്കുന്നതിന് കഴിയും. മോട്ടോർ കിട്ടാത്ത അപാകത മാത്രമാണ് ആ പദ്ധതിക്കുള്ളത്. അതോടൊപ്പം ഈ ശുദ്ധജല സംഭരണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. കൂത്തുപറമ്പ് മുനിസിപ്പാലിറ്റിക്കും കോട്ടയം പഞ്ചായത്തിനും വേണ്ടി ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും എൽ.ഐ.സി. ലോണിനുവേണ്ടി അത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ സർവ്വേ പൂർത്തിയായി. പദ്ധതി എത്രയുംപെട്ടെന്ന് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. കൂത്തുപറമ്പിലെ മാറൊളിഘട്ടിൽ വളരെ പഴക്കമുള്ള ഒരു വലിയ കുളം ഉണ്ട്. ആ കുളം വൃത്തിയാക്കി സൂക്ഷിച്ചാൽ മുനിസിപ്പാലിറ്റിക്ക് ആവശ്യമായ ശുദ്ധജലം ലഭിക്കും. കുളം വൃത്തിയാക്കുന്നതിന് തുക അനുവദിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> : സർ, എരുവെട്ടി ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി 2.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഒരു ജലസംഭരണിയാണ് ഉദ്ദേശിച്ചിരുന്നത്. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന, പിറളശ്ശേരിക്കും സമീപ പ്രദേശങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി എരുവെട്ടി സെൻസസ് ടൗണിനുവേണ്ടി 6.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഒരു ജലസംഭരണി വിഭാവന ചെയ്തിട്ടുണ്ട്. എരുവെട്ടി ത്വരിതഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയ്ക്കുകൂടി പ്രയോജനപ്പെടുംവിധം ഒരു ശുദ്ധജല സംഭരണി നിർമ്മിക്കാൻ അംഗീകാരം നൽകുകയും അതിനുള്ള ടെൻഡർ കണ്ണൂർ വാട്ടർ സപ്ലൈ പ്രോജക്ട് ഡിവിഷൻ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അവസാന തീയതി 18.4.2000 ആണ്. ടാങ്കിന്റെ പണി പൂർത്തിയാകുന്നതോടെ എരുവെട്ടി പദ്ധതിയിൽ ജലവിതരണം നടത്താൻ കഴിയും. മാങ്ങാട്ടിടം, കണ്ടംകുന്നം ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ മൂന്ന് കിണറുകളാണ് ഉള്ളത്. അതിൽ രണ്ട് എണ്ണത്തിന്റെ പണി പൂർത്തിയായി, മൂന്നാമത്തേതിന്റെ പണി ആദ്യത്തെ കരാറുകാരൻ തീർക്കാത്തതിനാൽ കരാറുകാരന്റെ സാമ്പത്തിക ബാദ്ധ്യതയിൽ പണി റദ്ദ് ചെയ്യുകയും വർക്ക് റീ-ടെൻഡർ ചെയ്യുകയും ചെയ്തു. ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡറുകൾ നൽകിക്കഴിഞ്ഞു. ആ പണി രണ്ട് മാസത്തിനുള്ളിൽ തീർക്കാൻ കഴിയും.

(14) കരിങ്കൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

<u>ശ്രീ. എഴുകോൺ നാരായണൻ</u> : സർ, നമ്മുടെ സംസ്ഥാനത്ത് കരിമ്പാറയ്ക്കും കരിമണലിനും മദ്ധ്യേ ജീവനെപ്പോലും പണയപ്പെടുത്തിക്കൊണ്ട് പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളാണ് ഈ സബ്മിഷനിൽക്കൂടി ഞാൻ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് വളരെയേറെ അപകടകരമായ സാഹചര്യത്തിലും ജീവിക്കാൻവേണ്ടി പണിയെടുക്കുന്ന ലക്ഷക്കണക്കിന് കരിങ്കൽ തൊഴിലാളികൾക്ക് പ്രത്യേകം ക്ഷേമനിധിയും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചിട്ടില്ല. കരിങ്കൽ തൊഴിലാളികൾക്ക് അപകടമുണ്ടായാൽ അപകടത്തിന്റെ സ്വഭാവമനുസരിച്ച് ആശ്വാസധനം പോലും ലഭിക്കുന്നില്ല. 1948-ലെ ബോണസ് ആക്ടിന്റെ പരിധിയിലാണ് കരിങ്കൽ തൊഴിലാളികളെ ഇപ്പോഴും ഉൾപ്പെടുത്തിയിട്ടുള്ളത്. കരിങ്കൽ മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നതിന് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അർഹമായ പരിരക്ഷയും ആനുകൂല്യങ്ങളും നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> : സർ, 1948-ലെ മിനിമം വേതന നിയമപ്രകാരം കരിങ്കൽ തൊഴിലാളികളെ മിനിമം വേതനത്തിന് അർഹരായ തൊഴിലാളികളുടെ പട്ടികയിൽപ്പെടുത്തുകയും അവർക്ക് മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇവരുടെ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് (1983-ൽ ആണ്. മിനിമം വേതനം വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ട നടപടികൾ തുടർന്നുവരുന്നു. 1998-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് റൂൾ പ്രകാരം രൂപീകരിച്ച ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാൻ ഇവർക്ക് അർഹതയുണ്ട്. ഈ ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഇത്തരത്തിൽ കരിങ്കൽ തൊഴിലാളികൾക്കു മാത്രമായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നകാര്യം പരിഗണനയിൽ ഇല്ല. കരിങ്കൽ തൊഴിലാളികളെ 1923-ലെ വർക്ക്മെൻ കോമ്പൻസേഷൻ

LIBRARY ARCHIVES Kerala Legislative Assembly